II ഇ.ബി. XIII കേരള നിയമസഭ/V-27

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

**<u>2012 ജൂലൈ 23, തിങ്കൾ</u>**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**86 (*751) <u>കേന്ദ്ര നികുതി വിഹിതം</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ നികുതി, ആദായ നികുതി, സമ്പത്ത് നികുതി, ചുങ്കം, കേന്ദ്ര എക്സൈസ് തീരുവകൾ തുടങ്ങിയവയിൽ നിന്നും 2.341 ശതമാനവും സേവന നികുതിയുടെ 2.378 ശതമാനവുമാണ് കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. ധനകാര്യ കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രനികുതികളിൽ സംസ്ഥാന സർക്കാരുകൾക്കുള്ള വിഹിതം തീരുമാനിക്കുന്നത്. 2010-2015 വരെ പ്രാബല്യമുള്ള പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര നികുതികളിൽ സംസ്ഥാനങ്ങളുടെ വിഹിതം 32 ശതമാനമാണ്. ഇത് 50 ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന

ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല. പതിനാലാം ധനകാര്യ കമ്മീഷന്റെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങൾ കേന്ദ്രസർക്കാർ ആരംഭിച്ചിട്ടുണ്ട്. എല്ലാ രാഷ്ട്രീയ കക്ഷികളുടെയും അഭിപ്രായസമന്വയത്തോടെ മെമ്മോറാണ്ടം തയ്യാറാക്കി പ്രസ്തുത കമ്മീഷൻ മുമ്പാകെ സമർപ്പിച്ച് കൂടുതൽ സംസ്ഥാന വിഹിതം നേടുന്നതിന് ശ്രമിക്കുന്നതാണ്. വാല്യു ആഡഡ് ടാക്സ് സംബന്ധിച്ച ഭേദഗതി നിയമം പ്രാബല്യത്തിൽ വരുമ്പോൾ സർവ്വീസ് ടാക്സ് പിരിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്കുകൂടി ലഭ്യമാകുമെന്നും അതുവഴി 12.5% നികുതി പിരിക്കാൻ കഴിയുമെന്നും ഉപ ചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

87 (*752) <u>സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റ ശേഷം 2012 ജൂൺ 30 വരെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട മുൻകാല കേസ്സുകളുൾപ്പെടെ യഥാക്രമം 14445-ഉം 1671-ഉം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാഭ്യാസപരമായി മുന്നിലെത്തിയ സ്ത്രീ സമൂഹം അതിക്രമങ്ങൾക്കെതിരെ നിയമപരമായി പ്രതികരിക്കാൻ തുടങ്ങിയതിനാൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വനിതാ കമ്മീഷനിൽനിന്നും തുടർ നടപടികൾക്കായുള്ള കേസ്സുകൾ പോലീസ് വകുപ്പിന് ലഭിക്കുന്നുണ്ട്. പോലീസ് രഹസ്യ നിരീക്ഷണം നടത്തി

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിന്മേൽ സ്വമേധയാ കേസ്സെടുക്കുന്നുണ്ട്. വൃദ്ധരായ സ്ത്രീകൾ ഒറ്റയ്ക്ക് താമസിക്കുന്ന ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മോഷണവും അതിക്രമങ്ങളും സംബന്ധിച്ച് ഫോണിലൂടെയുള്ള പരാതികൾ രേഖപ്പെടുത്തി പോലീസ് സ്റ്റേഷനുകളിലെ വയോജന ബ്യൂറോകൾ വഴി കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. കുട്ടികൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കംപ്ലെയിന്റ് ബോക്സുകൾ സ്ഥാപിച്ച് അവയിലൂടെ പരാതികൾ രജിസ്റ്റർ ചെയ്ത് ഇൻ-ക്യാമറയിലൂടെ കേസ്സുകൾ നടത്തുന്നതു സംബന്ധിച്ച് ഹൈക്കോടതിയുമായി ആലോചിക്കുന്നതാണ്. മനുഷ്യക്കടത്ത് തടയുന്നതിനായി ആന്റി ഹ്യൂമൺ ട്രാഫിക് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ട്രെയിനുകളിലെ അതിക്രമം കണ്ടെത്തുന്നതിന് ക്യാമറകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് റെയിൽവേ വകുപ്പുമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആഭ്യന്തര വകുപ്പിനുകീഴിൽ അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടെന്നും ഇതിനോടകം 63200 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും രജിസ്ട്രേഷൻ ത്വരിത പ്പെടുത്തുന്നതാണെന്നും ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

**88 (*753) <u>ഭൂചലനങ്ങളും പ്രഭവകേന്ദ്രങ്ങളും</u>**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, ഭൂകമ്പങ്ങൾ രേഖപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് ഇന്ത്യ മീറ്റിയറോളജി വകുപ്പിന്റെയും പീച്ചിയിൽ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെയും ഇടുക്കി ഡാമിൽ ഇലക്ട്രിസിറ്റി ബോർഡിന്റെയും മേൽനോട്ടത്തിൽ നൂതന ഡിജിറ്റൽ ബ്രോഡ് ബാന്റ് ഭൂകമ്പമാപിനികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

അനലോഗ് രീതിയിൽ രേഖപ്പെടുത്തുന്ന പന്ത്രണ്ട് കേന്ദ്രങ്ങൾ ഇടുക്കിയിലും സമീപ മേഖലയിലും സ്ഥിതി ചെയ്യുന്നുണ്ട്. വർദ്ധിച്ചുവരുന്ന ചെറു ഭൂചലനങ്ങൾ കണക്കിലെടുത്ത് ഇടുക്കിയിൽ ആറ് നൂതന ഭൂകമ്പമാപിനികൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ ഡാമുകളോടു ചേർന്ന് എട്ട് ഭൂകമ്പ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ചെറിയ തോതിലുള്ള 184 ഭൂചലനങ്ങളല്ലാതെ വലിയ ഭൂചലനങ്ങൾ ഉണ്ടായിട്ടില്ല. കേരളത്തിൽ ചെറുചലനങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ലെന്നും ചെറുചലനങ്ങളെ നേരിടാൻ പ്രത്യേക തയ്യാറെടുപ്പിന്റെ ആവശ്യമില്ലെന്നും ദീർഘകാലാടിസ്ഥാനത്തിലുള്ള ഭൂകമ്പ ദുരന്ത ലഘൂകരണ നടപടികൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി കേന്ദ്രീകരിച്ച് സീസ്മോഗ്രാഫ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഭൂകമ്പങ്ങളെ അതിജീ വിക്കാൻ സാധിക്കുന്ന സാങ്കേതികവിദ്യ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്ത നങ്ങൾ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും തൃശ്ശൂർ, കൊല്ലം ജില്ലകളിൽ ഭൂചലനത്തെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

**89 (*754) <u>ലോട്ടറി മേഖലയിലെ മാറ്റങ്ങൾ</u>**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2011-12-ൽ ലോട്ടറിയിൽ നിന്നും റവന്യു വരുമാനം 1287 കോടി

രൂപയായി വർദ്ധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മോണിറ്ററിംഗ് സെൽ കാര്യക്ഷമമാക്കിയതോടൊപ്പം ഭാഗ്യക്കുറി ആഴ്ചയിൽ ഏഴ് എണ്ണമാക്കി പുനഃസ്ഥാപിച്ചിട്ടുണ്ട്. 5000 രൂപയ്ക്കുള്ള സമ്മാനങ്ങളുടെ എണ്ണത്തിലും ടിക്കറ്റുകളുടെ അച്ചടിയിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ലോട്ടറി ഏജന്റു മാരുടെ ഡിസ്കൗണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലൂടെ 2042 പേർക്കായി 16.5 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പാക്കേജ് അംഗീകരിച്ച 32 സ്വകാര്യ ആശുപത്രികളെ അക്രഡിറ്റ് ചെയ്തിട്ടുള്ളതിനു പുറമെ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കു ന്നതുമാണ്. ടിക്കറ്റ് വില കുറച്ചുകൊണ്ട് കുറഞ്ഞ തുകയ്ക്കുള്ള സമ്മാന ങ്ങൾകൂടി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ആവശ്യക്കാർക്ക് ആനുപാതികമായി ടിക്കറ്റിന്റെ അച്ചടിയിൽ വർദ്ധനവ് വരു ത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 755 മുതൽ 780 വരെയുള്ള ചോദ്യ ങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 7599 മുതൽ 7913 വരെയുള്ള ചോദ്യങ്ങളിൽ 22 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * * * * * *